**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4445

28.6.2012ൽ
മറുപടിയ്ക്ക്

## സപ്ലൈകോയുടെ കീഴിലുള്ള പെട്രോൾ ബങ്കുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ;<br>ശ്രീ. വി.റ്റി. ബൽറാം ;<br>ശ്രീ. ഹൈബി ഈഡൻ ; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സപ്ലൈകോയുടെ കീഴിലുള്ള പെട്രോൾ ബങ്കുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | എ) സപ്ലൈകോയുടെ കീഴിൽ ഇപ്പോൾ 13 പെട്രോൾ ബങ്കുകൾ പ്രവർത്തിക്കുന്നു. പെട്രോൾ ബങ്കുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ബങ്കുകളിലെ സ്ഥലലഭ്യത അനുസരിച്ച് സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നുണ്ട്. ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യം നൽകുന്നതിനുവേണ്ടി ഇൻഡ്യൻ ഓയിൽ കോർപ്പറേഷനുമായി സഹകരിച്ച് എറണാകുളം ഡി.എച്ച്. റോഡ് പെട്രോൾ ബങ്കിൽ എക്സ്ട്രാ കെയർ ഫെസിലിറ്റി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ആൽത്തറ പെട്രോൾ ബങ്കിൽ നിലവിൽ സപ്ലൈകോ ഇൻ ആന്റ് ഔട്ട് സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നു. ഇത് വിപുലീകരിച്ച് ബേക്കറി, മറ്റ് സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിന് പദ്ധതിയുണ്ട്. തിരുവനന്തപുരം ഉള്ളൂർ ബങ്കിൽ എ.റ്റി.എം. കൗണ്ടർ പ്രവർത്തിച്ചു വരുന്നു. സ്ഥലസൗകര്യം അനുസരിച്ച് കൂടുതൽ ബങ്കുകളിൽ ഇതുപോലുള്ള സംരംഭങ്ങൾക്ക് പദ്ധതിയുണ്ട്. |
| ബി) എല്ലാ താലൂക്കുകളിലും പെട്രോൾ ബങ്കുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ;<br><br>സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | ബി) & സി) സപ്ലൈകോയുടെ കീഴിൽ ഇപ്പോൾ 13 പെട്രോൾ ബങ്കുകൾ പ്രവർത്തിക്കുന്നു. പെട്രോൾ ബങ്കുകൾ അനുവദിക്കുന്നത് ഓയിൽ കമ്പനികളാണ്. സ്ഥലത്തിന്റെ ലഭ്യത അനുസരിച്ച് എല്ലാ താലൂക്കുകളിലും പെട്രോൾ ബങ്കുകൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്. തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ കല്ലമ്പലത്ത് ഒരു പെട്രോൾ പമ്പ് ആരംഭിക്കുന്നതിനായി ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ധാരണയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ